"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - കോട്ടയം ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് ശ്രീ. അജയ്.വി.ജി., സമർപ്പിച്ച അപ്പീൽ അപേക്ഷ -തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.784/2025/LSGD  തീയതി,തിരുവനന്തപുരം, 24-03-2025

---

പരാമർശം:-

1. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 21.07.2024 തീയതിയിലെ LSGD/PD/7754/2024-VIGA5 നമ്പർ ഉത്തരവ്.
2. കോട്ടയം ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് ശ്രീ. അജയ്.വി.ജി., സമർപ്പിച്ച 18.09.2024 തീയതിയിലെ അപ്പീൽ അപേക്ഷ.
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 16.10.2024, 16.03.2025 തീയതികളിലെ LSGD/PD/7754/2024-VIGA5 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

നഗരകാര്യവകുപ്പിൽ കോട്ടയം ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് ശ്രീ. അജയ്.വി.ജി.-യ്ക്കെതിരായ അച്ചടക്കനടപടി തീർപ്പാക്കിയ പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം 1 ഉത്തരവ് പുനഃപരിശോധിക്കണമെന്ന ആവശ്യവുമായി ടിയാൾ പരാമർശം 2 പ്രകാരം സർക്കാരിൽ അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നു.

2. ശ്രീ. അജയ്.വി.ജി. യുടെ അപേക്ഷ പ്രകാരം, 2014 ജൂലൈ മാസം മുതൽ 2015 ഡിസംബർ മാസം വരെ നഗരകാര്യ ഡയറക്ടറേറ്റിൽ വിജിലൻസ് വിഭാഗത്തിൽ വി2 സെക്ഷനിൽ ജോലി ചെയ്തിരുന്നതായും പ്രസ്തുത കാലയളവിൽ V2-20583/13 നമ്പർ ഫയൽ പ്രകാരം തിരൂർ നഗരസഭയിൽ എൽ.ഡി.സി/ബി.സി ആയി സേവനമനുഷ്ഠിച്ച വരവെ സർവ്വീസിൽ നിന്ന് സസ്പെൻഡ് ചെയ്ത ശ്രീ.യു.വി മധു സർവ്വീസിൽ പുനപ്രവേശിപ്പിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ നടപടി സ്വികരിക്കുന്നതിന് V2 സെക്ഷൻ ക്ലർക്ക് ആയിരുന്ന താൻ കാലതാമസം വരുത്തി എന്ന കുറ്റം ചുമത്തി തനിക്കെതിരേ അച്ചടക്കനടപടി ആരംഭിക്കുകയും ആയത് 21.07.2024 തീയതിയിലെ പ്രിൻസിപ്പൽ ഡയറക്ടറുടെ ഉത്തരവ് പ്രകാരം, തന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞ് തീർപ്പാക്കിയതായി അറിയിച്ചിരിക്കുന്നു.

3. തിരൂർ നഗരസഭയിൽ എൽ.ഡി.സി/ബി.സി ആയി സേവമനുഷ്ഠിച്ചിരുന്ന ശ്രീ.യു.വി മധു 23.03.2007 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാതെ പുറത്ത് നിന്ന വിഷയത്തിൽ

തിരിച്ചെടുക്കണമെന്നുള്ള ടിയാന്റെ അപേക്ഷയിൽ ആരംഭിച്ച V2-20583/13നമ്പർ ഫയൽ 2014 ജൂലൈ മാസം V2 സെക്ഷനിലേക്ക് നിയോഗിക്കപ്പെട്ട താൻ 12.11.2014 തീയതി സീനിയർ സൂപ്രണ്ട് മുഖേന പുട്ട് അപ്പ് ചെയ്തിരുന്നതായും, ടി ഫയലിൽ, V2 സൂപ്രണ്ട് ഒരാഴ്ചക്കകം ഫയൽ സമർപ്പിക്കുവാൻ നിർദ്ദേശിച്ച കൊണ്ട് ബഹു. ജോയിന്റ് ഡയറക്ടറുടെ 14.11.2014-ലെ കുറിപ്പോടു കൂടിയ നിർദ്ദേശത്തോടെ സൂപ്രണ്ട് വശം ഫയൽ കൈമാറിയതായും അറിയിക്കുന്നു. ആയത് അന്വേഷണ അധികാരിക്ക് ബോധ്യപ്പെട്ടിരുന്നുവെങ്കിലും സൂപ്രണ്ടിന്റെ പക്കൽ നിന്നും ഫയൽ തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിച്ചില്ല എന്ന കാരണത്താൽ സസ്പെഷനു വിധേയമാക്കപ്പെട്ട ഒരു ജീവനക്കാരനെ തിരിച്ചെടുക്കണമെന്നുള്ള അപേക്ഷയിൽ കാലതാമസം വരുത്തി എന്നുള്ള വസ്തുതാപരമല്ലാത്ത കാരണം നിലനിർത്തിയാണ് തനിക്കെതിരെയുള്ള അച്ചടക്കനടപടികൾ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ടുള്ള ശിക്ഷ ചുമത്തി തീർപ്പാക്കിയിട്ടുള്ളത് എന്നും തന്റെ മേലുദ്യോഗസ്ഥന്റെ പക്കൽ നടപടികൾക്കായി കൈമാറിയ ഫയൽ തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ഒരു സെക്ഷൻ ക്ലാർക്ക് എന്ന നിലയിൽ പരിമിതികൾ കൊണ്ട് തനിക്ക് സാധിച്ചിരുന്നില്ലായെന്നും ഇക്കാര്യത്തിൽ വസ്തുതകൾ ബോധ്യപ്പെടുത്തുന്നതിന് നൽകിയ വിശദീകരണങ്ങളിലെല്ലാം മതിയായ രേഖകൾ ഹാജരാക്കിയിട്ടുള്ളതുമാണ് എന്നും എന്നാൽ താൻ ബോധിപ്പിച്ചിട്ടുള്ള കാര്യങ്ങൾ പരിശോധിക്കാതെ തനിക്കെതിരെ ചുമത്തിയിട്ടുള്ള ശിക്ഷ വസ്തുതാപരമായിരുന്നില്ല എന്നും ശ്രീ.യു.വി.മധുവിനെ സസ്പെൻഡ് ചെയ്തിരുന്നില്ലാ എന്നും ബോധ്യപ്പെട്ട് ഇതു ഒരു അപ്പീൽ അപേക്ഷയായി പരിഗണിച്ച് പുനഃപരിശോധിക്കുന്നതിനും തനിക്കെതിരെ ഉണ്ടായിട്ടുള്ള നടപടികൾ അസാധുവാക്കുന്നതിനും ശ്രീ. അജയ്.വി.ജി. അപേക്ഷിക്കുകയുണ്ടായി.

4. പ്രിൻസിപ്പൽ ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള റിപ്പോർട്ട് പ്രകാരം നഗരകാര്യ ഡയറക്ടറേറ്റിലെ വി2-20583/13 നമ്പർ ഫയൽ പ്രകാരം തിരൂർ നഗരസഭയിലെ എൽ.ഡി ക്ലാർക്ക്/ബിൽ കളക്ടർ ആയി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. യു.വി മധു 23.03.2007 മുതൽ അനധികൃതമായി ഓഫീസിൽ ഹാജരായിട്ടില്ലാത്തതിനാൽ തിരൂർ നഗരസഭ ആരംഭിച്ച അച്ചടക്കനടപടിയെ തുടർന്ന് 6 വർഷത്തിന് ശേഷം 26.10.2013 ന് സർവീസിൽ പുനപ്രവേശിപ്പിക്കുന്നതിന് ശ്രീ. യു.വി. മധു നൽകിയ അപേക്ഷയിൽ 25.10.2017 ൽ മാത്രമാണ് ടിയാനെ ജോലിയിൽ പ്രവേശിപ്പിച്ച് താനൂർ നഗരസഭയിൽ നിയമനം നൽകിയിട്ടുള്ളത്. വി2-20583/13 നമ്പർ ഫയലിൽ വ്യക്തമായ കുറിപ്പ് സഹിതം E8/21909/2001 നമ്പർ ഫയലിലെ ബന്ധപ്പെട്ട വിഷയത്തിലുള്ള വിവരങ്ങൾ ഉൾപ്പെടുത്തി ഒരാഴ്ച്ചയ്ക്കകം സമർപ്പിക്കണമെന്നുള്ള നഗരകാര്യ ജോയിൻറ് ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ) 14/11/2014 ൽ ഉത്തരവാക്കിയ ഫയൽ ടി കാലയളവിലെ സെക്ഷൻ ക്ലാർക്കായ ശ്രീ. അജയ് വി.ജി പുന:സമർപ്പിക്കുന്നത് 05/12/2015 ൽ ആണ്. ടി ഫയലിൻമേൽ ഒരു വർഷത്തിൽ കൂടുതൽ കാലതാമസം വരുത്തിയതിനാലാണ് ടിയാനെതിരെ ചട്ടം 16 പ്രകാരം അച്ചടക്ക നടപടി ആരംഭിച്ച് നഗരകാര്യഡയറക്ടർ കുറ്റാരോപണ മെമ്മോ നൽകിയിട്ടുള്ളത് എന്നറിയിക്കുന്നു.

5. കുറ്റാരോപണമെമ്മോയ്ക്ക് ടിയാൻ എതിർവാദ പത്രിക സമർപ്പിക്കുകയും ആയതിൻമേൽ ഇന്റേണൽ വിജിലൻസ് ഓഫീസർ അഭിപ്രായറിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. മേലുദ്യോഗസ്ഥൻ ഫയലിൽ റിമാർക്സ് സഹിതം ഒരാഴ്ച്ചയ്ക്കകം പുന:സമർപ്പിക്കണമെന്ന് 14.11.2014ൽ ഉത്തരവ് നൽകിയിട്ടും ഒരു വർഷമായിട്ടും ഫയൽ സമർപ്പിക്കാതിരുന്നത് ഔദ്യോഗിക കൃത്യനിർവ്വഹണത്തിലെ വീഴ്ചയാണെന്നും എതിർവാദ പത്രികയിൽ പറയും പ്രകാരം ഓഫീസ് ഷിഫ്റ്റിംഗിന്റെ ഭാഗമായി പുതിയ ഓഫിസിലേയ്ക്ക് മാറി വന്നിട്ടുള്ളതിനാലുണ്ടായ

അധിക ജോലിയും, 800 ൽ പരം ഫയലുണ്ടായിരുന്ന ടിയാന്റെ സീറ്റിൽ നഗരകാര്യ ഡയറക്ടറേറ്റിൽ അക്കാലത്ത് സംഘടിപ്പിച്ച ഫയൽ അദാലത്തുമായി ബന്ധപ്പെട്ട ജോലിഭാരവും പരിഗണിക്കാവുന്നതാണെന്നും ഇൻറേണൽ വിജിലൻസ് ഓഫീസർ അഭിപ്രായ റിപ്പോർട്ട് നൽകിയിട്ടുണ്ട്. നഗരകാര്യ ഡയറക്ടറേറ്റിലെ വി2-20583/13 നമ്പർ ഫയൽ പരിശോധിച്ചതിൽ നിന്നും വളരെ ഗൌരവമേറിയ ഫയലിൽ നടപടിയെടുക്കുന്നതിന് മേലുദ്യോഗസ്ഥൻ ഉത്തരവായിട്ടും ദീർഘകാലം നടപടി സ്വീകരിക്കാതിരുന്നത് ടിയാന്റെ ഭാഗത്തുനിന്നും സംഭവിച്ച കൃത്യനിർവഹണ വീഴ്ചയാണെന്ന് കണ്ടാണ് ടിയാന്റെ ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതപ്രാബല്യമില്ലാതെ തടഞ്ഞുകൊണ്ട് ടിയാനെതിരെ തുടർന്നുവന്ന അച്ചടക്കനടപടി 21.07.2024 ലെ ഉത്തരവ് പ്രകാരം അവസാനിപ്പിച്ചത് എന്നറിയിക്കുന്നു.

6. കൂടാതെ മുൻ നഗരകാര്യ ഡയറക്ടർ, ശ്രീ. അജയ് വി.ജി. ക്ക് നൽകിയ കുറ്റാരോപണ പത്രികയിൽ ശ്രീ.യു.വി. മധുവിനെ സസ്പെന്റ് ചെയ്തിരുന്നു എന്നാണ് രേഖപ്പെടുത്തിയിരുന്നത്. ശ്രീ. യു.വി. മധു അനധികൃത ഹാജരില്ലായ്മയിൽ തുടർന്നിരുന്ന ഒരു വ്യക്തിയാണെന്നും ടിയാനെ സസ്പെന്റ് ചെയ്തിരുന്നില്ലെന്നും ഫയൽ പരിശോധനയിൽ കാണുന്നുണ്ട്. എന്നാൽ യു.വി. മധു സർവ്വീസിൽ പുന:പ്രവേശിപ്പിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ 14.11.2014 മുതൽ 05.12.2015 വരെയുള്ള കാലയളവിൽ ശ്രീ.അജയ് യാതൊരു നടപടിയും സ്വീകരിക്കാതിരുന്നത് ഗുരുതരമായ കൃത്യവിലോപവും കുറ്റകരമാണെന്നും ആരോപിച്ചാണ് കുറ്റാരോപണ പത്രിക നൽകിയിട്ടുള്ളത്. പ്രസ്തുത കുറ്റം നിലനിൽക്കുന്നതായാണ് തുടർന്നുള്ള ഫയൽ പരിശോധനയിലും വ്യക്തമായിട്ടുള്ളത്. ശ്രീ.അജയ് സമർപ്പിച്ചിരിക്കുന്ന അപേക്ഷയിലും, 2014 മുതൽ ഒരു വർഷക്കാലം മാത്രം സെക്ഷന്റെ ചുമതല വഹിച്ചിരുന്നു എന്ന് സമ്മതിക്കുമ്പോൾതന്നെ എന്തുകൊണ്ടാണ് ഇത്രയും ഗൌരവമേറിയ ഫയലിൽ ടി ഒരു വർഷക്കാലം നടപടി എടുക്കാതിരുന്നതെന്ന് വ്യക്തമാക്കാൻ ടിയാൻ സാധിച്ചിട്ടില്ല. കുറ്റപത്രത്തിലെ ആരോപണങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ ആണ് ശ്രീ. അജയ് വി.ജി.യുടെ ഭാഗത്തു നിന്നും സംഭവിച്ച വീഴ്ച്ക്ക്, കേരള സിവിൽ സർവ്വീസസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾ നിഷ്കർഷിക്കുന്ന ശിക്ഷയായ ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് അച്ചടക്കനടപടി തീർപ്പാക്കിയത് എന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

7. സർക്കാർ ഇക്കാര്യം കോട്ടയം ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ട് ശ്രീ. അജയ് വി.ജി. യുടെ അപേക്ഷയുടേയും പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. അതിൻപ്രകാരം യു.വി. മധു സർവ്വീസിൽ പുന:പ്രവേശിപ്പിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ സംബന്ധിച്ച വി2-20583/13 നമ്പർ ഫയലിൽ 14.11.2014 മുതൽ 05.12.2015 വരെയുള്ള ഒരു വർഷകാലയളവിൽ ശ്രീ.അജയ് യാതൊരു നടപടിയും സ്വീകരിക്കാതിരുന്നതിനാൽ, ശ്രീ. അജയ്.വി.ജി.യുടെ വിശദീകരണം അംഗീകരിക്കാനാകില്ലായെന്നും അതിൻപ്രകാരം ടിയാന്റെ അപ്പീൽ പരിഗണനാർഹമല്ലായെന്നും കണ്ട് നിരസിച്ച് തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ. അജയ്.വി.ജി., ജൂനിയർ സൂപ്രണ്ട്, ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം ,കോട്ടയം

(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 24-03-2025 15:07:13
സെക്ഷൻ ഓഫീസർ